കുറേക്കൂടി പാർട്ടിസിപ്പേഷനുണ്ടായി. എന്നാൽ ഒരു ദിവസം ഒരാളുടെ നാലോ അഞ്ചോ ബിൽ വരികയാണെങ്കിൽ നടപടിക്രമങ്ങളുടെ ഭംഗിയെ സംബന്ധിച്ച് അപാകതയുണ്ട്. സന്ദർഭം നഷ്ടപ്പെടുന്നുണ്ട്. അതുകൊണ്ട് എന്റെ അഭിപ്രായം അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച് സമിതി ഈ കാര്യം പരിഗണിച്ച് സഭയുടെ അംഗങ്ങളുടെ അഭിപ്രായങ്ങളും ആരാഞ്ഞ്, പരമാവധി ബില്ലുകൾക്ക് അവസരം ലഭിക്കത്തക്ക വിധം ഷെഡ്യൂൾ ചെയ്യാനുള്ള ഒരു സംവിധാനം ഉണ്ടാക്കണമെന്നാണ്.

VII. അനുമോദനം

ശ്രീ. കെ. നാരായണക്കുറുപ്പ് നിയമസഭാ സാമാജികനായതിന്റെ കനകജൂബിലി ആഘോഷത്തിന്

മി. സ്പീക്കർ: നമ്മുടെ ഇവിടുത്തെ ഒരു സീനിയർ മെമ്പറായ ശ്രീ. കെ. നാരായണക്കുറുപ്പ് 1954-ലാണ് ആദ്യമായിട്ട് നിയമസഭാംഗമായി തെരഞ്ഞെടുക്കപ്പെട്ടത്. തുടർന്ന് അദ്ദേഹം 8 പ്രാവശ്യം വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. നാളെ അദ്ദേഹത്തിന്റെ ജൻമനാട്ടിൽ അദ്ദേഹം ആദ്യം നിയമസഭാംഗം ആയതിന്റെ കനകജൂബിലി ആഘോഷിക്കുകയാണ്. നിയമസഭാംഗം എന്നുള്ള നിലയിൽ ശ്രീ. കെ. നാരായണക്കുറുപ്പ് നമുക്കെല്ലാവർക്കും പ്രിയങ്കരനായിട്ടുള്ള ആളാണ്. കനക ജൂബിലി ആഘോഷിക്കാൻ നാട്ടുകാർ തീരുമാനിച്ചത് നന്നായി. അദ്ദേഹത്തിന് സകലവിധ ഭാവുകങ്ങളും നേരുന്നു.

റൂളിംഗ്

അനൗദ്യോഗിക ബില്ലിന് അവതരണാനുമതി നൽകുന്നതു സംബന്ധിച്ച്

(8-7-2005-ന് ബഹുമാനപ്പെട്ട സ്പീക്കർ മറെറാരു ദിവസത്തേക്കായി മാറിവച്ച റൂളിംഗ്)

മി. സ്പീക്കർ: കഴിഞ്ഞ അനൗദ്യോഗിക ബില്ലുകളുടെ ദിവസത്തിൽ ഒരു പ്രശ്നം ഇവിടെ ഉണ്ടായതായിട്ട് ഓർക്കുന്നുണ്ടാകും. ഞാൻ ചെയറിൽ ആ സമയം ഉണ്ടായിരുന്നില്ല. ഞാൻ പരിശോധിച്ചു കാര്യങ്ങൾ
11 a.m.] പറയാം. റൂളിംഗ് നൽകാമെന്നു പറഞ്ഞു. അതനുസരിച്ച് റൂളിംഗ് ഞാൻ പറയുകയാണ്. 8.7-2005-ൽ 2005-ലെ കേരള സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനും സ്വകാര്യ ചിട്ടി—കുറി കമ്പനികളിലെ ജീവനക്കാർക്ക് ക്ഷേമനിധി രൂപീകരിക്കുന്നതിനുമുള്ള ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ച വേളയിൽ ഗവൺമെന്റ് ഭാഗത്തുനിന്ന് പ്രസ്തുത പ്രമേയത്തെ എതിർത്തതിനാൽ പ്രമേയാവതാരകന് ഹ്രസ്വമായ ഒരു പ്രസ്താവന നടത്തുന്നതിന് ചെയർ അനുമതി നൽകി. അംഗത്തിന്റെ പ്രസ്താവനയ്ക്കുശേഷം മന്ത്രി വിശദമായ മറുപടി നൽകുകയും പ്രമേയം പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. ഇവിടെ തുടർന്നുവരുന്ന നടപടിക്രമം അനുസരിച്ച് പ്രമേയാവതാരകൻ പ്രമേയം പ്രസ് ചെയ്യാതെ സഭയുടെ അനുമതിയോടെ പിൻവലിക്കുകയാണ് പതിവ്. എന്നാൽ 8-7-2005-ൽ പ്രമേയാവതാരകൻ പ്രമേയം പ്രസ് ചെയ്യുന്നു എന്നും ചർച്ച തുടരാമെന്നുമാണ് പറഞ്ഞത്. അംഗത്തിന്റെ ആവശ്യത്തിൻമേൽ മാത്രം ആവശ്യപ്പെട്ടു. രേഖകൾ പരിശോധിച്ചതിൽനിന്നും 12 പേർ അനുകൂലിച്ചും കരാം എതിർത്തും ആറ് പേർ വോട്ട് ചെയ്യാതെ വിട്ടു നിന്നതായും

LIBRARY ARCHIVES Kerala Legislative Assembly